**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6478** | **08.11.2016 ൽ മറുപടിയ്ക്ക്**

## കേരളോത്സവം പരിപാടി

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.ആർ. രാജേഷ്**<br>**ശ്രീ.ആന്റണി ജോൺ**<br>**ശ്രീ.എ.എൻ. ഷംസീർ**<br>**ശ്രീ.യു.ആർ. പ്രദീപ്** | **ശ്രീ.പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
| (എ) കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് നടത്തുന്ന കേരളോത്സവം പരിപാടിയുടെ വിശദാംശം നൽകുമോ ; | (എ) കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് 'കേരളോത്സവം' സംഘടിപ്പിച്ചു വരുന്നു. നഗര ഗ്രാമ പ്രദേശത്തുള്ള യുവജനങ്ങൾക്ക് പങ്കെടുക്കാൻ ഉതകുന്ന രീതിയിൽ കലാകായിക മത്സരങ്ങളാണ് കേരളോത്സവത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 15 വയസ്സ് തികഞ്ഞവരും 40 വയസ്സ് കഴിയാത്തവരുമായ യുവജനങ്ങൾക്ക് മത്സരങ്ങളിൽ പങ്കെടുക്കാവുന്നതാണ്.<br>ഗ്രാമ പഞ്ചായത്ത് തലത്തിലാണ് ആദ്യഘട്ടത്തിലെ മത്സരങ്ങൾ സംഘടിപ്പിക്കപ്പെടുന്നത്. തുടർന്ന് ഗ്രാമ പഞ്ചായത്തിലെ വിജയികളെ ബ്ലോക്കുതല മത്സരങ്ങളിലും പങ്കെടുപ്പിക്കുന്നു. ബ്ലോക്കുതല വിജയികളെയും കോർപ്പറേഷൻ/ മുനിസിപ്പാലിറ്റി തലങ്ങളിലുള്ള മത്സര വിജയികളെയും നേരിട്ട് ജില്ലാതല മത്സരങ്ങളിൽ പങ്കെടുപ്പിക്കുന്നു. ജില്ലാതല മത്സര വിജയികളെ സംസ്ഥാനതല മത്സരത്തിലും പങ്കെടുപ്പിക്കുന്നു. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പരിപാടി വഴി കൈവരിയ്ക്കാനുദ്ദേശിക്കുന്നത്; | (ബി) സ്കൂൾ, സർവ്വകലാശാല കലോത്സവങ്ങളിൽ പങ്കെടുക്കുവാൻ കഴിയാത്ത കലാകായിക പ്രതിഭകൾക്ക് തങ്ങളുടെ കഴിവ് |

| | |
|---|---|
| | പ്രകടിപ്പിക്കാനുള്ള വേദിയൊരുക്കുക, അതിലൂടെ കലാകായിക രംഗത്ത് കഴിവുറ്റ പ്രതിഭകളെ കണ്ടെത്തുക എന്നതാണ് കേരളോത്സവം കൊണ്ട് ലക്ഷ്യമിടുന്നത്. |
| (സി) കേരളോത്സവ മത്സരങ്ങൾ എത്ര ഘട്ടങ്ങളിലായാണ് നടത്തുന്നതെന്നും അവ ഏതൊക്കെയെന്നും വിശദമാക്കാമോ ; | (സി) കേരളോത്സവം നാല് ഘട്ടങ്ങളിലായാണ് സംഘടിപ്പിക്കുന്നത്. പ്രാഥമികമായി ഗ്രാമ പഞ്ചായത്ത് തലത്തിലും ഗ്രാമ തലത്തിൽ വിജയിക്കുന്നവരെ ഉൾപ്പെടുത്തി രണ്ടാം ഘട്ടമെന്ന നിലയിൽ ബ്ലോക്കുതലത്തിലും, ബ്ലോക്ക്/കോർപ്പറേഷൻ/മുനിസിപ്പാലിറ്റി തലത്തിൽ വിജയിക്കുന്നവരെ ഉൾപ്പെടുത്തി ജില്ലാതലത്തിലും ജില്ലാതല വിജയികളെ ഉൾപ്പെടുത്ത അവസാനഘട്ടമെന്ന നിലയിൽ സംസ്ഥാന തലത്തിലും കേരളോത്സവം സംഘടിപ്പിക്കുന്നു. |
| (ഡി) സംസ്ഥാനതല മത്സരങ്ങളിൽ എത്ര കലാ-കായിക താരങ്ങളെയാണ് പങ്കെടുപ്പിക്കേണ്ടതെന്ന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ഡി) സംസ്ഥാനതല കലാ-കായിക മത്സരയിനങ്ങളിൽ നിലവിൽ 6,104 പേരാണ് പങ്കെടുക്കുന്നത്. കലാമത്സരങ്ങളിൽ 2,940 പേരും കായിക മത്സരയിനങ്ങളിൽ 3,164 പേരുമാണ് സംസ്ഥാനതല മത്സരങ്ങളിൽ പങ്കെടുക്കുന്നത്. |
| (ഇ) പ്രസ്തുത പരിപാടിയ്ക്കായി നടപ്പ് സാമ്പത്തിക വർഷം എത്ര രൂപ വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ഇ) കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ നടപ്പ് സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിൽ 4,20,00,000/- രൂപ കേരളോത്സവത്തിനായി വകയിരുത്തിയിട്ടുണ്ട്. |

(signature)

**സെക്ഷൻ ഓഫീസർ.**